# സമഗ്രകാർഷിക വികസനവും കർമ്മസേനകളും

കേരളത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഏറ്റവും കൂടുതൽ ഉത്തരവാദിത്വങ്ങൾ പഞ്ചായത്തുകളിലേക്ക് കൈമാറിയത് കൃഷിയുമായി ബന്ധപ്പെട്ട് ആയിരുന്നു. കൃഷിഭവനും അവിടുത്തെ ജീവനക്കാരും ഇന്ന് പൂർണ്ണമായും പഞ്ചായത്തുകളുടെ നിയന്ത്രണത്തിലാണ്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി കാർഷികരംഗത്ത് ഒട്ടേറെ മാറ്റങ്ങൾ കൈവരിക്കാൻ കഴിഞ്ഞു എങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാധ്യതകൾ പരമാവധി വിനിയോഗിച്ച് നിലവിലെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല എന്നതാണ് സത്യം.

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ നടത്തിയ പല ചർച്ചകളിലും കാർഷിക മേഖലയിലെ പ്രശ്നങ്ങളായി ഉയർന്നുവരുന്നത്:- പണി അറിയാവുന്ന തൊഴിലാളികളുടെ അഭാവം, കൃഷി നഷ്ടമായി മാറുന്നു, കൃഷി ചെലവ് വളരെ കൂടുതലാണ്. കർഷകർക്ക് കൃത്യസമയത്ത് വേണ്ട സഹായം ലഭിക്കുന്നില്ല. ചെറുപ്പക്കാരും വിദ്യാസമ്പന്നരും കാർഷിക മേഖലയിലേക്ക് കടന്നുവരുന്നില്ല, അമിതമായ കീടനാശിനിയുടെയും രാസവളത്തിന്റെയും പ്രയോഗം ഉൽപന്നങ്ങൾ വിറ്റഴിക്കാൻ കഴിയുന്നില്ല, ജൈവവളവും ജൈവകീടനാശിനിയും ആവശ്യത്തിന് ലഭിക്കുന്നില്ല. യന്ത്രങ്ങൾ ഉണ്ട് എന്നിട്ടും സ്ഥിതിഗതിക്ക് മാറ്റംവരുന്നില്ല, പ്രശ്നപരിഹാരത്തിനായി തൊഴിൽസേനകൾ ഉണ്ടാക്കി എന്നാൽ നിലനിർത്താൻ കഴിയുന്നില്ല ഇത്തരത്തിൽ നീളുന്നതായിരുന്നു പ്രശ്നങ്ങൾ. ഇത്തരം പ്രശ്നങ്ങൾ ഏറെക്കുറെയെങ്കിലും പരിഹരിച്ച് പഞ്ചായത്തുകൾക്ക് കാർഷികരംഗത്ത് ഇടപെടാൻ വേണ്ട മാർഗ്ഗം കണ്ടെത്തേണ്ട ഉത്തരവാദിത്വം അങ്ങനെ അസോസിയേഷനിൽ നിക്ഷിപ്തമായി.

കേരളത്തിൽ 978 പഞ്ചായത്തുകൾക്കും അംഗത്വമുള്ള ഔദ്യോഗിക സംവിധാനമാണ് കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ. 1996 ൽ അന്നത്തെ സർക്കാരാണ് പഞ്ചായത്തുകളുടെ കൂട്ടായ്മ ഉയർത്തുക, പഞ്ചായത്തുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കാണാൻ സർക്കാരിന് നൽകുക, സർക്കാർ നയങ്ങൾ, ഉത്തരവുകൾ എന്നിവയിൽ വേണ്ട രീതിയിൽ ഇടപെട്ട് പഞ്ചായത്തിന് അനുകൂലമാക്കുക, പഞ്ചായത്തുകളുടെ തടസ്സങ്ങൾ നീക്കി മുന്നോട്ട് പോകാൻ വേണ്ട മാർഗ്ഗങ്ങൾ കണ്ടെത്തി സഹായിക്കുക, പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ സുഗമമാക്കാൻ വേണ്ട പ്രക്രിയകളും രീതിശാസ്ത്രവും വികസിപ്പിക്കുക, പരിശീലനങ്ങൾ സംഘടിപ്പിക്കുക, ഇതിനായി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക, വിവിധ വിഷയങ്ങളിൽ മോഡലുകൾ സൃഷ്ടിക്കാനും, അനുഭവങ്ങൾ പങ്കുവയ്ക്കാനും അപ്സ്കെയിൽ ചെയ്യാനും വേണ്ട പ്രവർത്തനങ്ങൾ നടത്തുക എന്നിവ അസോസിയേഷന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന് രൂപംനൽകിയത്. ആയതിനാലാണ് അസോസിയേഷൻ ഈ മേഖലയിൽ ഇടപെടേണ്ടത് അനിവാര്യമായി തീർന്നത്.

കാർഷികരംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനുള്ള അന്വേഷണത്തിനിടയിലാണ് കുടപ്പനക്കുന്ന് കാർഷിക കർമ്മസേനയെക്കുറിച്ച് അസോസിയേഷന് അറിയാൻ കഴിഞ്ഞത്. തുടർന്ന് അസോസിയേഷനിൽ നിന്നും ഒരു സംഘം കുടപ്പനക്കുന്നിൽ പോയി പഠിച്ചു. കഴിഞ്ഞ 6 വർഷക്കാലമായി വിജയകരമായി ഇവിടെ കർമ്മസേവനയുടെ പ്രവർത്തനങ്ങൾ നടന്ന് വരുന്നു. 18 പേരിൽ തുടങ്ങിയ കർമ്മസേനയിൽ നൂറിൽപരം ആളുകൾ 500രൂപ മുതൽ 35,000 രൂപ വരെ മാസശമ്പളം വാങ്ങി ജോലി ചെയ്ത് വരുന്നു. ഇത്രയും ആളുകൾ ഉണ്ടെങ്കിൽ പോലും ചെയ്ത് തീർക്കാൻ കഴിയാത്ത അത്രയും തൊഴിൽ അവർക്കുണ്ട്. തിരുവനന്തപുരം സിറ്റിയിൽ ഇത്രയും സാധ്യത ഉണ്ടെങ്കിൽ ഗ്രാമപ്രദേശങ്ങളിൽ അനന്തമായ സാധ്യത ഇതിന് ഉണ്ട് എന്ന് അസോസിയേഷൻ മനസ്സിലാക്കി. കുടപ്പനക്കുന്നിൽ ഈ പ്രവർത്തനം വിജയിക്കുന്നതിന് കാരണമായത് മെച്ചപ്പെട്ട മാനേജ്മെന്റും, അതിന്റെ ജനകീയതലവും വീട്ടുവീഴ്ച്ചയില്ലാത്ത സമീപനവും, മെച്ചപ്പെട്ട പരിശീലനവും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട സേവനം കർഷകർക്ക് ലഭ്യമാക്കുന്നു എന്നിവയാണ്. എന്നാൽ കേരളത്തിൽ മൊത്തത്തിൽ ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കണമെങ്കിൽ പരാജ

യപ്പെട്ടവയുടെ പഠനങ്ങൾ കൂടി വേണം എന്നതിന്റെ അടിസ്ഥാനത്തിൽ വിവിധ പഞ്ചായത്തുകളിൽ ഇത്ത രത്തിൽ തുടങ്ങി പരാജയപ്പെട്ട 20 കേസ്സുകൾ കൂടി പഠനവിധേയമാക്കി. ഇതിന്റെ കൂടി പിൻബലത്തിലാണ് സമഗ്ര കാർഷിക വികസനവും തരിശുരഹിത പഞ്ചായത്തും എന്ന പരിപാടിക്ക് രൂപം നൽകിയത്.

കുടപ്പനക്കുന്ന് കാർഷിക കർമ്മസേനയുടെ സാങ്കേതിക സഹായത്തോടെ കേരള ഗ്രാമപഞ്ചാ യത്ത് അസോസിയേഷൻ ഒരു കർമ്മപരിപാടി തയ്യാറാക്കി ബഹു.കൃഷിവകുപ്പ് മന്ത്രിയും, കൃഷി വകു പ്പിലെ ജീവനക്കാരും ഇരിക്കുന്ന മന്ത്രിയുടെ ഔദ്യോഗിക വസതിയിൽ വച്ച് അസോസിയേഷൻ പ്രസി ഡന്റ് ശ്രീ.പി.റ്റി. മാത്യുവിന്റെ സാന്നിദ്ധ്യത്തിൽ അവതരിപ്പിച്ചു. അവിടെ വന്ന ചർച്ചകളുടെകൂടി അടിസ്ഥാ നത്തിൽ കർമ്മപരിപാടിക്ക് കുറേക്കൂടി മൂർത്തരൂപം നൽകുകയും അത് ബഹു.കൃഷിമന്ത്രിയുടെ അദ്ധ്യക്ഷ തയിൽ, ബഹു പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ.മുനീർ, ബഹു.നഗരവികസന വകുപ്പ് മന്ത്രി ശ്രീ.മഞ്ഞളാംകുഴി അലി ബഹു. ഗ്രാമവികസന, ആസൂത്രണ വകുപ്പ് മന്ത്രി ശ്രീ. കെ.സി.ജോസഫ് വിവിധ വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരുടെ യോഗത്തിൽ അവതരിപ്പിച്ച് പരിപാടിക്ക് അന്തിമരൂപം നൽകി.

തുടർന്ന് എല്ലാ പഞ്ചായത്തിലേക്കും താൽപ്പര്യമുള്ളവരെ അപേക്ഷിക്കാൻ ആവശ്യപ്പെട്ട് കത്ത് അയച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 148 പഞ്ചായത്തുകൾ അപേക്ഷിച്ചു. അപേക്ഷിച്ച പഞ്ചായത്തുകളിൽ നിന്നും ഇതിൽ ശരിക്കും താൽപ്പര്യമുള്ള 92 പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തത്. ഇതിൽ തന്നെ വളരെ വേഗത്തിൽ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ട് പോകുന്ന 60 പഞ്ചായത്തുകളെ വിജയലക്ഷ്യത്തിൽ എത്തിക്കം എന്താണ് ലക്ഷ്യം വച്ചത്. എന്നാൽകൃഷി വകുപ്പിന്റെ ശക്തമായ ഇടപെടലിന്റെ കൂടി വെളിച്ച ത്തിൽ ഈ പരാപിടി വിജയിപ്പിക്കുന്നതിനായി 200 പഞ്ചായത്തുകളെയാണ് കേരളത്തിൽ തെരഞ്ഞെടുത്തി ട്ടുള്ളത്. ഇവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് RKVY യിൽ നിന്നും മെഷീൻ വാങ്ങുന്നതിന് ഒരു പഞ്ചായത്തിന് 9,00,000 രൂപ വച്ച് 18,00,00,000 കോഡിയും, പരിശീലനം, യൂണിഫോം തുടങ്ങി ചെലവു കൾക്കായി ഒരു ലക്ഷം രൂപ വച്ച് 200 പഞ്ചായത്തുകൾക്ക് 2,00,00,000 കോടി രൂപയും, ബജറ്റിൽ വച്ച് ഒരു കോഡി രൂപയും അനുവദിച്ചിട്ടുണ്ട്.

**എന്താണ് കാർഷിക കർമ്മസേന**

കർഷകർക്ക് മെച്ചപ്പെട്ടതും ശാസ്ത്രീയവുമായ സേവനം കുറഞ്ഞ ചെലവിൽ കർഷകർക്ക് ലഭ്യമാ ക്കാനായി, മൊത്തം ഭരണനേതൃത്വം വഹിക്കാനായി ഉപദേശകസമിതി, ദൈനംദിന ഭരണം നിർവ്വഹിക്കാ നായി ഭരണസമിതി, വിദഗ്ദ്ധ പരിശീലനം ലഭിച്ച ടെക്നീഷ്യൻസ് എന്നിവർ ചേരുന്നതാണ് കാർഷിക കർമ്മസേന.

**ഇതിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ**

കർഷകർക്ക് കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക.

ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക.

ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.

അഗ്രികൾച്ചറൽ ടെക്നിഷ്യൻസിന് (തൊഴിലാളികൾക്ക്) സ്ഥിരമായി മാസശമ്പളം ലഭ്യമാക്കുക.

ചെറുപ്പക്കാരെ കൃഷി മേഖലയിലേയ്ക്ക് ആകർഷിക്കുക.

തിരഞ്ഞെടുത്ത പഞ്ചായത്തുകളെ തരിശുരഹിത പഞ്ചായത്തുകളാക്കുക.

നിരന്തരം കർഷകരുമായി ബന്ധം സ്ഥാപിച്ച് സേവനം യഥാസമയം നൽകാൻ സംവിധാനം ഉണ്ടാ ക്കുക.

തരിശുഭൂമി കൃഷിയോഗ്യമാക്കാൻ തരത്തിൽ ലാന്റ് ബാങ്കിന് രൂപം നൽകുക.

അധികമായി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കുന്നതിനും വിപണി കണ്ടെത്തുന്നതിനും സഹായിക്കുക.

**മറ്റ് പ്രവർത്തനങ്ങൾ**

ഇതിനായി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കർമ്മസേനക്ക് രൂപം നൽകുക. മാത്രമല്ല തരിശ്ശ് രഹിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. അതിനായി പഞ്ചായത്തുകളിൽ 50 വീടിന്റെ അയൽസഭകൾ രൂപീകരിച്ച് അതിനകത്ത് വരുന്ന കാർഷിക പ്രശ്നങ്ങൾ, കൃഷിയുടെ സ്ഥിതി എന്നിവ പഠിച്ച് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ സമഗ്രകാർഷികവികസന പദ്ധതികൾ തയ്യാറാക്കുക, വിവിധ സ്കീമുകളെ ഇതിനായി ഇന്റഗ്രേറ്റ് ചെയ്യാൻ സഹായിക്കുക, ശുചിത്വവും കാർഷിക മേഖലയും തമ്മിൽ ബന്ധിപ്പിക്കുക, ഉൽപ്പന്നങ്ങൾ ശേഖരിക്കാനും വിതരണം നടത്താനും പരിപാടി ആവിഷ്കരിക്കുക, മാസ്റ്റർ ഗ്രാനിന്റെ അടിസ്ഥാനത്തിൽ കർമ്മസേനക്ക് ഒരു സീസണിൽ പ്ലാൻ തയ്യാറാക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടക്കും.

ശേഖരിച്ച വിവരത്തിന്റെ വെളിച്ചത്തിൽ തരിശ്ശ് രഹിതമാക്കുന്നതിന് മൂന്ന് തരത്തിലുള്ള പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

1. കൃഷി ചെയ്യാൻ താൽപ്പര്യമുള്ള കർഷകർക്ക് കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക.
2. കൃഷി ചെയ്യാൻ താൽപ്പര്യമുണ്ട് എന്നാൽ സമയമില്ല എന്ന ആളുകൾക്ക് സ്ഥലം കണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കി മൊത്തം പ്രവർത്തനങ്ങളും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട രീതിയിൽ തയ്യാറാക്കി നൽകും.
3. കൃഷി ചെയ്യാൻ താൽപ്പര്യമേയില്ല ഭൂമി വെറുതെ കിടക്കുകയാണെങ്കിൽ ആ ഭൂമി പഞ്ചായത്ത് രൂപീകരിക്കുന്ന ലാന്റ് ബാങ്കിൽ നിക്ഷേപിക്കാൻ അവസരം ഉണ്ടാവും. എത്ര വർഷത്തേക്ക് നിക്ഷേപിക്കണം എന്നത് ഉടമസ്ഥന് തീരുമാനിക്കാം. ഒരു നിശ്ചിത തുക എല്ലാ വർഷവും ഉടമസ്ഥന് ലഭ്യമാക്കു.

മറ്റൊരു പ്രധാന പരിപാടി എല്ലാ വീട്ടിലും പച്ചക്കറികൃഷി എന്നതായിരിക്കും. ഇത്തരത്തിൽ വരുന്ന രണ്ട് വർഷം കൊണ്ട് പഞ്ചായത്തിനെ തരിശ്ശ് രഹിതമാക്കാനാണ് ലക്ഷ്യം വക്കുന്നത്.

## ഇതുവരെ നടന്ന പ്രവർത്തനങ്ങൾ

അറുപത് പഞ്ചായത്തുകളിൽ കർമ്മസേനക്ക് രൂപം നൽകി കഴിഞ്ഞു. 18 പഞ്ചായത്തുകളിൽ 13 ദിവസം വീതമുള്ള പരിശീലനം പൂർത്തിയായി. ഈ പ്രവർത്തനങ്ങൾക്ക് സഹായിക്കാനായി ഒരു ടീം നിരന്തരം പഞ്ചായത്തുകളിൽ സന്ദർശിക്കുന്നു. കർമ്മസേന ഭരണസമിതി ഭാരവാഹികൾ, പഞ്ചായത്ത് പ്രസിഡന്റ്, കൃഷി ഓഫീസർ എന്നിവരുടെ പരിശീലനം ആരംഭിച്ചു. അഗ്രികൾച്ചർ ടെക്നീഷ്യൻസിന് നിരന്തരം ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ കൃഷിയുടെ ശാസ്ത്രീയത സംബന്ധിച്ച് ഒരു പുസ്തകം തയ്യാറാക്കി വരുന്നു.

## കർമ്മസേനയുടെ പ്രത്യേകത

* കർമ്മ സേനയിലുള്ള ടെക്നീഷ്യൻസിന് ശമ്പളം നൽകുന്നത് കർമ്മസേന് തൊഴിൽ കണ്ടെത്തി അതിൽ നിന്നുള്ള വരുമാനം ഉപയോഗിച്ചാണ്.
* 40 കർഷകരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഭരണസമിതിയാണ് ഇതിന് നേതൃത്വം നൽകുന്നത്.
* നാട്ടിൽ നിലവിലുള്ളതിനേക്കാൾ കുറഞ്ഞ റേറ്റിൽ സേവനം നൽകുകയും ടെക്നീഷ്യൻസിന് കൂടുതൽ ശമ്പളം ലഭിക്കുകയും ചെയ്യുന്നു.

* ഭക്ഷ്യസുരക്ഷയ്ക്കും ഭക്ഷ്യ ഉത്പാദനത്തിനുമായിരിക്കും മുൻഗണന.
* കർമ്മസേനയിലെ ടെക്നീഷ്യൻസ് എല്ലാ കാർഷിക പ്രവർത്തികളും ശാസ്ത്രീയമായി അറിയാവുന്ന വരും, മെഷീനുകൾ ഉപയോഗിക്കാനും മെയിന്റയിൻ ചെയ്യാനും കേട് പാട് തീർക്കാനും അറിയുന്ന വർ ആയിരിക്കും.
* കർമ്മസേനയിലേക്ക് ഒരാൾക്ക് ടെക്നീഷ്യനായി വരണമെങ്കിൽ കർമ്മസേന അപേക്ഷ ക്ഷണിക്കണം, അപേക്ഷ ലഭിച്ചാൽ ഇന്റർവ്യൂ നടത്തണം, അതിനുശേഷം പരിശീലനം.
* കർമ്മ സേനക്ക് യൂണിഫോം,ഐഡി കാർഡ്, ബൂട്ട് ഗ്രൂപ്പ് എന്നിവ ഉണ്ടാകും.
* കർമ്മസേനയിൽ അച്ചടക്കത്തോടെ പ്രവർത്തിക്കുന്ന യഒരു ഗ്രൂപ്പായിരിക്കും ടെക്നീഷ്യൻസ്.
* ഓരോ പഞ്ചായത്തിന്റെയും പ്രത്യേകത അനുസരിച്ചാണ് ആ പഞ്ചായത്തിലെ റേറ്റ് തീരുമാനിക്കുന്ന ത്. ഇത് ഉപദേശക സമിതിയും ഭരണസമിതിയും കൂടിയിരുന്ന് ചെയ്യേണ്ട പ്രക്രിയയാണ്.

രൂപീകരിച്ച് പരിശീലനം കഴിഞ്ഞ പഞ്ചായത്തുകളിൽ ടെക്നീഷ്യനും കർമ്മസേനക്കും വരുമാനവും ആവശ്യത്തിന് തൊഴിലും കിട്ടുന്നു എന്നത് വലിയ പ്രതീക്ഷക്ക് വക നൽകുന്നു. ഈ ആവേശം കെടാതെ മുന്നോട്ട് കൊണ്ട് പോകാൻ നാളിതുവരെ ലഭിച്ചതുപോലെ കൃഷി വകുപ്പിന്റെ തദ്ദേശസ്വയം ഭരണവകുപ്പിന്റെ, കിലയുടെ, കുടപ്പനക്കുന്ന കാർഷിക കർമ്മ സേനയുടെ സഹായസഹകരണങ്ങൾ അനിവാര്യമാണ്.